പത്രക്കുറിപ്പ്
14-09-2020

# ഓണച്ചന്തകളിലൂടെ 3.57 കോടി രൂപയുടെ വിറ്റുവരവ്

- ആകെ സംഘടിപ്പിച്ചത് 453 ഓണച്ചന്തകൾ

തിരുവനന്തപുരം: കോവിഡ് പ്രതിസന്ധിക്കിടയിലും കുടുംബശ്രീ സംരംഭകർക്കും കൃഷിസംഘാംഗങ്ങൾക്കും തുണയാകാൻ കുടുംബശ്രീ സംഘടിപ്പിച്ച പ്രത്യേക ഓണച്ചന്തകളിലൂടെ 3,57,02,956 രൂപയുടെ വിറ്റുവരവ്. കേരളത്തിലെ ഏറ്റവും പ്രധാന വിപണനക്കാലമായ ഓണക്കാലത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാവർഷവും ഓണച്ചന്തകൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷവും കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് സാധ്യമാകുന്നിടങ്ങളിൽ ഓണച്ചന്തകൾ സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ഇതനുസരിച്ച് 12 ജില്ലകളിൽ ഓണച്ചന്തകൾ നടത്തുകയുമായിരുന്നു. കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ അനുമതി ലഭിക്കാത്തതിനാൽ ഓണച്ചന്തകൾ സംഘടിപ്പിച്ചില്ല. 12 ജില്ലകളിലായി 453 ഓണച്ചന്തകളാണ് ഈ ഓണക്കാലത്ത് സംഘടിപ്പിച്ചത്.

ഒരു സിഡിഎസിൽ ഒന്ന് എന്ന നിലയിലാണ് ഓണച്ചന്തകൾ സംഘടിപ്പിക്കുന്നത്. അതാത് സിഡിഎസുകൾക്കാണ് നടത്തിപ്പ് ചുമതല. തദ്ദേശ സ്ഥാപനതലങ്ങളിൽ ചന്ത നടത്താൻ സാഹചര്യമുള്ളിടങ്ങളിൽ എല്ലായിടത്തും ചുരുങ്ങിയത് മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഓണച്ചന്തകളാണ് സംഘടിപ്പിച്ചത്. കുടുംബശ്രീ സംരംഭകരുടെ ഉത്പന്നങ്ങളും സാധ്യമായിടങ്ങളിൽ കൃഷിസംഘങ്ങളുടെ (ജോയ്ന്റ് ലയബിലിറ്റി ഗ്രൂപ്പ്- ജെഎൽജി) ഉത്പന്നങ്ങളും വിൽപ്പനയ്ക്കായി എത്തിച്ചു. തൃശ്ശൂർ, പത്തനംതിട്ട, എറണാകുളം, കോട്ടയം എന്നീ നാല് ജില്ലകളിൽ ജില്ലാതല വിപണന മേളകളും നടത്തി.

വിവിധ ജില്ലകളിലായി സംഘടിപ്പിച്ച ഓണച്ചന്തകളുടെ വിശദാംശങ്ങളും വിറ്റുവരവും താഴെ നൽകുന്നു.

| നം | ജില്ല | ഓണച്ചന്തകൾ | പങ്കെടുത്ത സംരംഭകർ | പങ്കെടുത്ത കൃഷിസംഘങ്ങൾ | വിറ്റുവരവ് (രൂപ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 61 | 347 | 125 | 15,52,475 |
| 2 | കൊല്ലം | 27 | 301 | 205 | 14,44,500 |
| 3 | പത്തനംതിട്ട | 25 | 233 | 283 | 10,00,682 |
| 4 | ആലപ്പുഴ | 38 | 317 | 278 | 67,72,273 |
| 5 | കോട്ടയം | 32 | 669 | 235 | 34,99,676 |
| 6 | ഇടുക്കി | 38 | 334 | 565 | 16,83,242 |
| 7 | എറണാകുളം | 61 | 1314 | 806 | 66,16,705 |

| | | | | | |
|---|---|---|---|---|---|
| 8 | തൃശ്ശൂർ | 63 | 1134 | 734 | 77,75,552 |
| 9 | പാലക്കാട് - | 38 | 300 | 197 | 14,50,647 |
| 10 | വയനാട് - | 19 | 351 | 1498 | 3,67,881 |
| 11 | കണ്ണൂർ - | 24 | 609 | 771 | 9,57,571 |
| 12 | കാസർഗോഡ് | 27 | 1793 | 987 | 25,81,752 |
| | **ആകെ** | **453** | **7702** | **6684** | **3,57,02,956** |

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**